### ആശാൻ വിശ്വപുരസ്കാരം ലഭിച്ച അറബിക്കവി അഡോണിസിന്റെ കാവ്യ-ജീവിത ദർശനങ്ങളെക്കുറിച്ച്

# രണ്ടു കവികളുടെ മഹാദേശത്തിൽ

ഡോ. എം.എ. അസ്കർ




കുമാരനാശാൻ

ജാതി മത ദേശ ഭാഷകളുടെ സങ്കുചിത വേലികൾക്കപ്പുറം സാർവലൗകിക പ്രാപഞ്ചിക സത്യങ്ങളിലേക്ക് കണ്ണിചേരുന്നവരാണല്ലോ മഹാകവികൾ. ജീവിച്ചിരുന്ന കാലങ്ങളുടെ അന്തരം പോലും അത്തരം കവികൾക്കിടയിൽ അകലമാവാറില്ല. മലയാളദേശത്തിന്റെ മഹാകവി കുമാരനാശാന്റെ പേരിലുള്ള ലോക കാവ്യ പുരസ്കാരം മധ്യപൗരസ്ത്യ ദേശത്തിന്റെ മഹാകവി അഡോണിസ്, അലി അഹ്മദ് സഈദ് ഇസ്ബിറിനു സമ്മാനിക്കുമ്പോൾ, രണ്ടു ദേശങ്ങളും ദേശാന്തരം ചെയ്ത് പരസ്പരം ലയിച്ചുചേർന്ന് ഒരു മഹാദേശമാകുന്ന കാഴ്ചയുടെ സന്തോഷം മലയാളി അനുഭവിക്കുമെന്നു തീർച്ചയാണ്. മധ്യപൗരസ്ത്യദേശത്തിന്റെ കാവ്യഭൂമിക മലയാളിക്ക് സുപരിചിതമാണ്. ഖലീൽ ജിബ്രാനും മഹ്മൂദ് ദർവീശും മലയാളകവികളാണെന്നു തോന്നാവുന്ന ഒരു വായനാപരിചയത്തിലേക്ക് മലയാളി മാറിക്കഴിഞ്ഞിട്ടുണ്ട്. മഞ്ഞുപോലെ നിർമലമാവുമ്പോഴും അകത്തുനിന്ന് കിനിഞ്ഞിറങ്ങുന്ന പഴകിയിരുണ്ടുപോയ ചോരയുടെ നിറം മധ്യപൗരസ്ത്യദേശത്തിന്റെ തീരാശാപമായിരിക്കാം. അതുകൊണ്ടുതന്നെ നിറംകെട്ട ചോരയുടെ രൗദ്രസൗന്ദര്യമാണ് ആ മനോഹരദേശങ്ങളിൽനിന്നുവരുന്ന കാവ്യങ്ങൾക്ക്, വിശേഷിച്ചും സിറിയയിൽനിന്നും ഫലസ്തീനിൽനിന്നുമുള്ളവക്ക്.

കവിതയുടെ കേവലമായ വൃത്തത്തിനപ്പുറം ചിന്തകനും ദാർശനികനും നിരൂപകനും ഒക്കെയാണ് അഡോണിസ്. സിറിയയിലെ ഖസ്വാബീനിൽ 1930 ലാണ് ജനനം. ഔപചാരിക വിദ്യാഭ്യാസം കുറഞ്ഞ, കർഷകനായ എന്നാൽ, ഏറെ അനുഭവസമ്പത്തും അത് മകന് പകർന്നുനൽകണമെന്ന ജീവിതവീക്ഷണവുമുണ്ടായിരുന്ന അച്ഛന്റെ സ്വാധീനം വലിയ ഒരളവിൽ അഡോണിസിലുണ്ട്. 17ാമത്തെ വയസ്സിലാണ് അഡോണിസ് കവിത കുറിക്കാൻ തുടങ്ങുന്നത്. മിത്തുകളും ബിംബങ്ങളും പരസ്പരം ഇഴചേർന്ന് പല കവിതകളിലും ഊടുംപാവുമായി വികസിക്കുന്നു.1957ലാണ് 'പ്രഥമകാവ്യം'എന്ന സമാഹാരം പ്രസിദ്ധീകരിക്കുന്നത്. പ്രഥമകാവ്യം യൂസുഫ് അൽഖാലിനെപ്പോലുള്ള കവിശ്രേഷ്ഠരുടെ പ്രശംസക്ക് പാത്രമായതോടെ അറബ് നാടുകളിൽ അഡോണിസ് ചർച്ചാവിഷയമായി. യൂസുഫ് അൽഖാലിന്റെ പിൻബലം ശിഅ്ർ (കവിത) എന്ന മാസികയുടെ സ്ഥാപനത്തിന് അഡോണിസിനെ ഏറെ സഹായിച്ചു. പിന്നീട്, ഇറാഖ് കവിയായ ബദ്ർ ശാകിർ അസ്സയാബ് ലബനീസ് കവി ജബ്ര ഇബ്രാഹീം ജബ്ര എന്നിവരുമായി ചേർന്ന് തമൂസ് എന്ന സാഹിത്യസംഘം രൂപവത്കരിച്ചു. അറേബ്യൻ കാവ്യസംസ്കാരത്തെ പരിപോഷിപ്പിക്കുക എന്ന ഉദ്ദേശ്യത്തോടുകൂടിയാണ് ബാബിലോണിയൻ ഐശ്വര്യദേവനായ തമൂസിന്റെ പേര് സംഘത്തിനിടുന്നത്. കവിതയെഴുത്തിലെ പഴഞ്ചൻ രീതിശാസ്ത്രങ്ങളോട് 'തമൂസിയന്മാർ' സന്ധിയില്ലാതെ കലഹിച്ചു. മാത്രമല്ല, അറബ്-ഇസ്ലാമിക സാംസ്കാരിക പാരമ്പര്യങ്ങളെയും പ്രാചീന മധ്യപൗരസ്ത്യ സാംസ്കാരിക പാരമ്പര്യത്തെയും കാലികമായ പുനർവായനക്കുവിധേയമാക്കി.

ബൈറൂതിലെ ആഭ്യന്തരകലാപകാലത്ത് ഒരുപറ്റം കലാപകാരികളുടെ കൂടെ അഡോണിസും പങ്കുചേർന്നിരുന്നു. തീക്ഷ്ണയൗവനത്തിന്റെ ഊർജപ്രവാഹത്തിൽ വരുംവരായ്കകളുടെ കണക്കെടുപ്പിന് കവി തയാറായിരുന്നില്ല. പോർമുഖത്ത് കവി നേരിട്ടുവരുമ്പോൾ പോരാളിക്കുപകരം അനേകം കാവ്യബീജങ്ങളെ ഗർഭധാരണം നടത്തുന്ന സ്ത്രൈണമെന്നോ മറ്റോ വിളിക്കാവുന്ന അവസ്ഥയിലേക്ക് പകരപ്പെട്ടുപോകും കവിമനസ്സ്. ജീവനുള്ള മനുഷ്യൻ കേവലം അസ്ഥിയും മാംസവും രക്തവുമായി വിഘടിച്ചുപോകുന്നതുകണ്ട് പകച്ചുപോയതിന്റെ അത്രമേൽ രൗദ്രമായ കാവ്യാനുഭവമാണ് 1975ൽ പുറത്തിറങ്ങിയ 'ഉപരോധത്തിന്റെ പുസ്തകം'. ആ വർഷംതന്നെയാണ് അഡോണിസ് പാരിസിലേക്കുപോകുന്നത്.

അറബ് ദേശീയത ഉരുവംകൊള്ളുകയും കവികളും കലാകാരന്മാരും അതിന്റെ പ്രചാരകരായി മുന്നിൽനിൽക്കുകയും ചെയ്തപ്പോൾ, അഡോണിസ് വിട്ടുനിന്നു. മാത്രമല്ല, അധികാരരാഷ്ട്രീയത്തിന്റെ വക്താക്കളായി കവികളും കലാകാരന്മാരും തരംതാഴരുതെന്നും അവർ സ്വതന്ത്രരായി നിൽക്കേണ്ടവരാണെന്നും അഡോണിസ് പ്രസ്താവനയിറക്കി. ആത്മാഭിമാനവും തന്റേടവും അന്യംനിന്നുപോയ രാഷ്ട്രീയ നേതൃത്വത്തെ വിമർശിച്ചു. ഹൃദയത്തിൽ രൂഢമൂലമായ ആത്മവിലാപ



അഡോണിസ്

ങ്ങളിൽ അഭിരമിക്കാതെ, മനുഷ്യവിഭവങ്ങളെ പരിപോഷിപ്പിച്ച് കൂടുതൽ കരുത്തോടെ വിപ്ലവകരമായി മുന്നേറണമെങ്കിൽ അറബ് ജനതയുടെ നിലപാടുകളിൽ കാലികമായ മാറ്റം ആവശ്യമാണെന്ന് അഡോണിസ് പ്രഖ്യാപിച്ചു. പണ്ട് പതിറ്റാണ്ടുകൾ കോളനി സ്ഥാപിച്ച് നാടിനെ കൊള്ളയടിച്ച പാശ്ചാത്യനോട് പുതിയ കാലത്ത് ചില അറബ്നാടുകൾ സഹായമഭ്യർഥിക്കുന്നത് കാണുമ്പോൾ ചരിത്രത്തോടുചെയ്യുന്ന നീതികേടാണെന്നും, പാശ്ചാത്യർക്ക് മധ്യപൗരസ്ത്യദേശത്തെ കാര്യങ്ങളിൽ അത്രയധികം താൽപര്യമുണ്ടെങ്കിൽ അവർ ആദ്യം മനുഷ്യാവകാശങ്ങൾ സംരക്ഷിക്കട്ടെയെന്നും അഡോണിസ് നിലപാട് വ്യക്തമാക്കുന്നു. അറബ് വസന്തത്തെക്കുറിച്ചും അദ്ദേഹത്തിന് വ്യത്യസ്ത കാഴ്ചപ്പാടാണുള്ളത്. ലോകമാകെ അറബ്വസന്തത്തെ ഉറ്റുനോക്കിയപ്പോൾ അഡോണിസ് പറഞ്ഞത് ഇങ്ങനെ:

'അറബ് വസന്തത്തിൽ എൻെറ സന്തോഷം പങ്കുവെച്ചുകൊണ്ട് ഞാനൊരു കവിതയെഴുതിയിരുന്നു. പക്ഷേ, വിപ്ലവം പിന്നീട് ഹൈജാക് ചെയ്യപ്പെട്ടു. വസന്തത്തിന് തുടക്കമിട്ട അറബ് യുവത്വം പടിഞ്ഞാറിനെ അനുകരിക്കാതിരുന്നത് ഏറെ മനോഹരമായിരുന്നു. എന്നാൽ, വിപ്ലവത്തിൻെറ വിളവെടുത്തത് അമേരിക്കയും ഇസ്ലാമിസ്റ്റുകളും പിന്നെ കുറെ കച്ചവടക്കാരുമാണ്.'

അറബ് കാവ്യചരിത്രത്തിനു മുതൽക്കൂട്ടാണ് 1971ൽ പുറത്തിറങ്ങിയ 'അറബി കാവ്യത്തിനൊരാമുഖം' എന്ന അഡോണിസിൻെറ ഗ്രന്ഥം. ആധുനിക ഗവേഷണ രീതിശാസ്ത്രങ്ങളുപയോഗിച്ച് അറബി കാവ്യപാരമ്പര്യത്തിൻെറ സർവ നാഡീഞരമ്പുകളിലൂടെയും സഞ്ചരിച്ച്, വരുംകാല ഗവേഷകർക്ക് അനന്തസാധ്യതകളുടെ വിശാല തുറസ്സിലേക്ക് വാതിൽ തുറന്നുകൊടുക്കുന്നു കവിയായ ചരിത്രകാരൻ. ഫാദർ പോൾ നോയയുടെ മേൽനോട്ടത്തിൽ തയാറാക്കിയ അദ്ദേഹത്തിൻെറ ഗവേഷണ പ്രബന്ധവും അറേബ്യൻ അലങ്കാരശാസ്ത്രത്തിൻെറ പുതിയ വായനയാണ്.

കലാപങ്ങളുടെ കെടുതികൾകണ്ട് മനസ്സ് വിറങ്ങലിച്ചുപോയതുകൊണ്ടാകാം അഡോണിസ് തികഞ്ഞ അഹിംസാവാദിയും മഹാത്മാഗാന്ധിയുടെ ആരാധകനുമായത്. മായ ഹാകിയുമായുള്ള ഒരഭിമുഖ സംഭാഷണത്തിൽ, തനിക്ക് വിപ്ലവം ഇഷ്ടമാണെന്നും പക്ഷേ, ചെഗുവേരയോടൊപ്പമല്ല മറിച്ച്, ഞാൻ ഗാന്ധിയോടൊപ്പമാണെന്നും അഡോണിസ് വ്യക്തമാക്കിയത് അതുകൊണ്ടാണ്.

അഡോണിസിൻെറ കണ്ണാടിയിൽ തെളിയുന്ന അഡോണിസ് ആരാണെന്ന അബ്ദവാസിൻ എന്ന അഭിമുഖകാരന് കവി കൊടുക്കുന്ന മറുപടി ഇതാണ്:

'നിരന്തരം സ്വത്വത്തെ അന്വേഷിക്കുകയും എപ്പോഴൊക്കെ സ്വരൂപം ദർപ്പണപ്പെട്ട് മുന്നിൽവന്നുവോ അപ്പോഴെല്ലാം കൂടുതൽ കൂടുതൽ അകന്നുപോവുന്നതായിട്ടാണ് തോന്നിയിട്ടുള്ളത്. അതുകൊണ്ടുതന്നെ എപ്പോഴും ചോദിച്ചു കൊണ്ടിരിക്കുന്നു, അഡോണിസിന് ആരു പറഞ്ഞുകൊടുക്കും അഡോണിസ് ആരാണെന്ന...!'

# അഡോണിസിൻെറ നാലു കവിതകൾ

വിവ: പി. രാമൻ

## രണ്ട് കവികൾ

മാറ്റൊലിക്കും ശബ്ദത്തിനുമിടയിൽ
രണ്ടുകവികൾ നിൽക്കുന്നു
ആദ്യത്തെയാൾ പൊട്ടിപ്പൊളിഞ്ഞ ചന്ദ്രനെപ്പോലെ
സംസാരിക്കുന്നു.
മറ്റേയാൾ
അഗ്നിപർവതത്തിൻെറ കൈത്തൊട്ടിലിൽ
രാത്രി മുഴുവൻ കിടന്നാടിയുറങ്ങുമൊരു
കുഞ്ഞിനെപ്പോലെ നിശ്ശബ്ദൻ.

## കണ്ണീർപ്പാലം

എനിക്കൊപ്പം പോന്ന്
എൻെറ കൺപോളകൾക്കിടയിൽ തകർന്ന് ചിതറുന്ന
ഒരു കണ്ണീർപ്പാലമുണ്ട്.
എൻെറ കവടിത്തൊലിക്കടിയിലുണ്ട്
ബാല്യത്തിൽനിന്നൊരു യോദ്ധാവ്
കാറ്റിൻെറ കയറുകൊണ്ട്
നിഴൽച്ചില്ലകളിൽ തൻെറ കുതിരയെ കെട്ടുന്നവൻ
ഒരു പ്രവാചകൻെറ ശബ്ദത്തിൽ
നമ്മോടവൻ പാടുന്നു:
കാറ്റേ
ബാല്യമേ
എൻെറ കൺപോളകൾക്കടിയിൽ തകർന്ന
കണ്ണീർപ്പാലങ്ങളേ!

## ഇടനാഴി

മഞ്ഞിൻെറ ജീവിതം
തീയിൻെറ ജീവിതം
പങ്കിടാനായി ഞാനൊരുങ്ങി
എന്നാലകത്തു
കടത്തിയതില്ലവർ
രണ്ടാളു,മാകയാൽ സ്വസ്ഥം
പൂക്കളെപ്പോലെ ഞാൻ
കാത്തുനിന്നീടുന്നൂ
കല്ലുകൾപോലെ തങ്ങുന്നു
നഷ്ടപ്പെടുന്നൂ സ്വയം ഞാൻ പ്രണയത്തിൽ
പൊട്ടിത്തകർന്നുപോകുന്നു
ഞാൻ കിനാക്കണ്ട
വാഴ്വിന്, ജീവിച്ചോരു
പരിണാമിയാം കിനാവിന്നും
ഇടയിലൊരു തിരപോ-
ലുലഞ്ഞാടുവോളവും
ഇവിടെ ഞാൻ നോക്കിനിൽക്കുന്നു.

## അഗ്നിവൃക്ഷം

പുഴക്കരയിലെ വൃക്ഷം
വിതുമ്മി ഇലകളുതിർപ്പൂ
തീരത്തതു വിതറുന്നു
കണ്ണീർ കണ്ണീർ കണ്ണീർ
പുഴയെ കേൾപ്പിക്കുന്നു വായി-
ച്ചഗ്നി പ്രവചന സാക്ഷ്യം
ആരും കാണാതൊടുവിൽ
ഞാനാമില വീഴുന്നു
അണഞ്ഞിടും തീപോലെൻ
ജനം പൊലിഞ്ഞേപോയി
ശേഷിപ്പുകളില്ലാതെ.